**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2652** **06-10-2025 - ൽ മറുപടിയ്ക്ക്**

**കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ? | (എ) | ചെന്നൈ-ബംഗളൂരു ഇൻഡസ്ട്രിയൽ കോറിഡോർ (കെബിഐസി) ചെന്നൈ-ബംഗളൂരിന്റെ വിപുലീകരണമായ ഇന്ത്യാ ഗവൺമെന്റ് അംഗീകരിച്ച വ്യവസായ ഇടനാഴി പദ്ധതിയുടെ ഭാഗമായി രണ്ട് നോഡുകളായി വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.<br><br>**നോഡ് 1 -**<br><br>ഇന്റഗ്രേറ്റഡ് മാനുഫാക്ചറിംഗ് ക്ലസ്റ്ററുകൾ (ഐഎംസി) പാലക്കാട്.<br><br>**നോഡ് 2 -**<br><br>ഗ്ലോബൽ ഇൻഡസ്ട്രിയൽ ഫിനാൻസ് ആൻഡ് ട്രേഡ് സിറ്റി (ഗ്ലോബൽ സിറ്റി) കൊച്ചി.<br><br>പുതുശ്ശേരി സെൻട്രൽ, പുതുശ്ശേരി പടിഞ്ഞാറ്, കണ്ണമ്പ്ര എന്നിവിടങ്ങളിലെ സ്ഥലങ്ങൾ ഉൾക്കൊള്ളുന്ന പാലക്കാട് സംയോജിത ഉൽപ്പാദന ക്ലസ്റ്ററിന് **3805** കോടി രൂപ ചെലവ് വരുന്ന പദ്ധതിക്ക് കേന്ദ്ര സർക്കാർ **2024** ഓഗസ്റ്റ് **28** ന് അംഗീകാരം നൽകി. പുതുശ്ശേരി സെൻട്രൽ (1137 ഏക്കർ), പുതുശ്ശേരി വെസ്റ്റ് (240 ഏക്കർ), കണ്ണമ്പ്ര (313 ഏക്കർ) പാലക്കാട് നോഡ് കെബിഐസിയുടെ കീഴിലുള്ള മൂന്ന് സ്ഥലങ്ങളായി വിഭജിച്ചിരിക്കുന്നു. ഐഎംസി കണ്ണമ്പ്രയ്ക്കും **2025** ജനുവരിയിൽ പാരിസ്ഥിതിക അനുമതി ലഭിച്ചു. ഈ പദ്ധതിക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കലും ഡി.പി.ആർ റിപ്പോർട്ടും പൂർത്തിയായി. 110 ഏക്കർ ഭൂമിയുടെ ആദ്യഘട്ടം കിൻഫ്ര എസ്പിവിക്ക് കൈമാറി. NICDC 104.50 കോടിയുടെ തുല്യ ഇക്വിറ്റി എസ്പിവിക്കും കൈമാറി. പുതിയ വ്യാവസായിക സ്മാർട്ട് സിറ്റി ഡെവലപ്പ്മെന്റിനായുള്ള പ്രോഗ്രാം മാനേജ്മെന്റ് കൺസൾട്ടൻസിയെ തിരഞ്ഞെടുത്തു. കൂടാതെ, 2025 മെയ് മാസത്തിൽ ഇന്റഗ്രേറ്റഡ് മാനുഫാക്ചറിംഗ് ക്ലസ്റ്ററുകൾ |

ഡെവലപ്പ്മെന്റിനായി ഇ.പി.സി ടെൻഡർ വിളിക്കുകയും, ജി.എസ്.ടി ഉൾപ്പടെ 1316 കോടി രൂപയുടെ ഇ.പി.സി കരാർ നല്കുകയും ചെയ്തു.

- ലാൻഡ് ആൻഡ് പ്രൊജക്റ്റ് സ്റ്റാറ്റസ്

പദ്ധതിക്കാവശ്യമായ 1710 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനായി ആകെ 1844 കോടി രൂപയാണ് ചെലവ് കണക്കാക്കിയിരിക്കുന്നത്. ഇതിൽ 1489 കോടി രൂപ ചെലവഴിച്ചു കഴിഞ്ഞു. ഇതുവരെ പുതുശ്ശേരി സെൻട്രലിലും കണ്ണമ്പ്രയിലുമായി ഏകദേശം 1350 ഏക്കർ ഭൂമി ഏറ്റെടുത്തു കഴിഞ്ഞു.

താഴെ പറയുന്ന അടിസ്ഥാന സൗകര്യ (ട്രങ്ക് ഇൻഫ്രാസ്ട്രക്ചർ) വികസനത്തിന് ആയി 1789.92 കോടി രൂപയുടെ കേന്ദ്ര സർക്കാർ വിഹിതം ആണ് പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നത്.

● റോഡുകൾ,

● ജലവിതരണം,

● സീവേജ്, മലിനജല പുനരുപയോഗ ശൃംഖല,

● ജല ശുദ്ധീകരണ പ്ലാന്റ്,

● സീവേജ് സംസ്കരണ പ്ലാന്റ്,

● മലിനജല സംസ്കരണ പ്ലാന്റ്,

● പവർ സപ്ലൈ സിസ്റ്റം,

● ഖരമാലിന്യ സംസ്കരണം,

● ലാൻഡ്സ്കേപ്പ് വർക്കുകൾ,

● ഇൻഫർമേഷൻ ആൻഡ് കമ്മ്യൂണിക്കേഷൻ ടെക്നോളജി തുടങ്ങിയവയാണ് ഇതിൽ ഉൾപ്പെടുക.

മേൽ അടിസ്ഥാന സൗകര്യങ്ങൾക്കായി ജി.എസ്.ടി ഉൾപ്പടെ 1316 കോടി രൂപയുടെ ഇ.പി.സി കരാർ നല്കുകയും ചെയ്തു.

സെക്ഷൻ ഓഫീസർ